ഒരു ജാതി ഒരു മതം ഒരു ദൈവം

കേരളകൗമുദി

1185 മകരം 27 2010 ഫെബ്രുവരി 9 ചൊവ്വ

മൂലം 60 ഏകാദശി 37-34

1931 മാഘം 20 1431 സഫർ 23

ഉദ്യോഗസ്ഥന്മാരുടെ യാത്രാ ധൂർത്ത്

സർക്കാർ വാഹനങ്ങളുടെ ദുരുപയോഗത്തെക്കുറിച്ച് സർവത്ര പരാതികളാണെങ്കിലും അത് തടയാനോ നിയന്ത്രിക്കാൻ പോലുമോ ഭരണാധികാരികൾക്ക് കഴിയാറില്ല. പൊതു ഖജനാവിനെ ശോഷിപ്പിക്കുന്ന ഈ നടപടിയിൽ അവർക്കും പങ്കുള്ളതുകൊണ്ടാവാം ഇത്. പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം കൂടിയതോടെ ഓരോ മന്ത്രിയുടെ ഓഫീസിലും സർക്കാർ വാഹനങ്ങളുടെ എണ്ണവും കൂട്ടേണ്ടിവന്നു. വകുപ്പദ്ധ്യക്ഷന്മാർക്ക് മാത്രമല്ല എല്ലാ ഐ.എ.എസ് ഓഫീസർമാർക്കും വാഹനങ്ങൾ നൽകേണ്ട ബാദ്ധ്യതയും ഇന്ന് സർക്കാരിൽ നിക്ഷിപ്തമായിട്ടുണ്ട്. സ്വന്തം വാഹനം വീട്ടിലിട്ട് സർക്കാർ വാഹനങ്ങളിൽ തന്റെയും കുടുംബത്തിന്റെയും എല്ലാ യാത്രാ ആവശ്യങ്ങളും നിർവഹിക്കുന്നവരാണ് ഏറെയും. സർക്കാർ വാഹനങ്ങൾ ഉപയോഗിക്കുമ്പോൾത്തന്നെ അതിന് യാത്രപ്പടി പറ്റുന്നതിലും ഇവർ മുൻനിരയിൽത്തന്നെയാണെന്നതാണ് രസകരമായ മറ്റൊരുകാര്യം. ഏതായാലും അനഭിലഷണീയമായ ഈ ഏർപ്പാടിന് അറുതിവരുത്തുന്നതിനെക്കുറിച്ച് സർക്കാർ ആലോചന തുടങ്ങിയത് നല്ല ലക്ഷണമാണ്. സർക്കാർ വാഹനം ഉപയോഗിക്കുന്ന ഐ.എ.എസ് ഉദ്യോഗസ്ഥർ യാത്രപ്പടി പറ്റുന്നത് വിലക്കാൻ ഉന്നതതലത്തിൽ നടപടി തുടങ്ങിയെന്നാണ് ഞങ്ങളുടെ പ്രത്യേകലേഖകൻ ശ്രീ. എം.ബി. സന്തോഷ് കഴിഞ്ഞ ദിവസം റിപ്പോർട്ട് ചെയ്തത്.

യാത്രാബത്ത വേണോ, ഔദ്യോഗികവാഹനം വേണോ എന്ന് ആരാഞ്ഞുകൊണ്ട് പൊതുഭരണവകുപ്പ് സംസ്ഥാനത്തെ ഐ.എ.എസ് ഓഫീസർമാർക്ക് കത്തു നൽകിക്കഴിഞ്ഞു. ഔദ്യോഗിക വാഹനം വേണ്ടെന്നുണ്ടെങ്കിൽ പ്രതിമാസം 7000 രൂപയും അതിന് ആനുപാതികമായ ക്ഷാമബത്തയും യാത്രപ്പടിയായി നൽകാനാണ് തീരുമാനം. യാത്രപ്പടിയും ഔദ്യോഗികവാഹനവും എന്ന ഇപ്പോഴത്തെ ഏർപ്പാട് ഇനിമുതൽ വേണ്ട എന്നാണത്രേ സർക്കാരിന്റെ നിലപാട്.

പൊതുഭരണവകുപ്പിന്റെ ഈ നീക്കം അട്ടിമറിക്കാനുള്ള ശ്രമം 'മുകളിൽ' നിന്നുതന്നെ ഉണ്ടാകുമെന്നതിനാൽ അത് എത്രത്തോളം വിജയിക്കുമെന്ന് ഇപ്പോൾ പറയാനാവില്ല. അനുഭവിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ ഉപേക്ഷിക്കാൻ ഐ.എ.എസുകാരല്ല ആരും തന്നെ സ്വയം തയ്യാറാകുമെന്ന് തോന്നുന്നില്ല. നിയമവും ചട്ടവും ഉണ്ടാക്കുന്നവർതന്നെ തങ്ങൾക്ക് ബാധകമായ നിയമം കാറ്റിൽ പറത്തുന്നതാണ് കണ്ടുവരുന്നത്. ഐ.എ.എസ് തലത്തിൽ മാത്രമല്ല, സർക്കാർ വാഹനങ്ങൾ ഉപയോഗിക്കുന്ന എല്ലാ മേഖലകളിലും അതിന്റെ ദുരുപയോഗവും കാണാം. ഒരു വാഹനത്തിനുപകരം രണ്ടും മൂന്നും വാഹനങ്ങൾവരെ ഉപയോഗിക്കുന്ന ഗവൺമെന്റ് സെക്രട്ടറിമാർക്ക് ഇവിടെ ഒരു കുറവുമില്ല. പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഒരുവിധ നിയന്ത്രണവുമില്ലാത്ത രീതിയിലാണ് വാഹനങ്ങളുടെ ഉപയോഗം. മന്ത്രിമാർപോലും തങ്ങളുടെ വകുപ്പിനുകീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വാഹനങ്ങൾ കുടുംബസ്വത്തുപോലെ ഉപയോഗിക്കുന്ന പതിവ് പണ്ടുമുതലേ ഇവിടെ നിലനിൽക്കുന്നു. സ്കൂളിൽ കുട്ടികളെ വിടാനും ചന്തയിൽ പച്ചക്കറി വാങ്ങാനുമെല്ലാം പലർക്കും സർക്കാർ വാഹനങ്ങൾ കൂടിയേ തീരൂ. പൊലീസ് വകുപ്പാണ് വാഹന ദുരുപയോഗത്തിൽ മുന്നിൽ നിൽക്കുന്ന മറ്റൊരു വിഭാഗം. ഒരു മന്ത്രിക്കുതന്നെ അകമ്പടി സേവിക്കാൻ എത്രയോ വാഹനങ്ങൾ വേണ്ടിവരുന്നു. തലസ്ഥാന നഗരിയിൽ ഈ അകമ്പടി വാഹനങ്ങൾ പലപ്പോഴും മറ്റ് വാഹനയാത്രക്കാരുടെ പേടിസ്വപ്നവുമാണ്.

പണ്ടുകാലത്തൊന്നും സർക്കാർ വാഹനങ്ങൾ ഇപ്പോഴത്തെപ്പോലെ ദുരുപയോഗപ്പെടുത്തിയിരുന്നില്ല. ശമ്പളവും അലവൻസുകളുമെല്ലാമായി ലക്ഷത്തോടടുത്ത് മാസം എണ്ണിവാങ്ങുന്ന ഉദ്യോഗസ്ഥന്മാർക്ക് ഓഫീസിൽ വരാനും ഉച്ചയ്ക്ക് വീട്ടിൽ പോയി ഉണ്ണാനും ഉറങ്ങാനുമായി സർക്കാർ വക വാഹനം വിട്ടുകൊടുക്കേണ്ട യാതൊരു ആവശ്യവും ഇല്ല. ഇവരിൽ അധികംപേർക്കും സ്വന്തമായി വാഹനവുമുണ്ട്. ടൂറിസം ഓഫീസർമാരല്ലാത്തവർക്കൊന്നും സർക്കാർ വാഹനസൗകര്യം നൽകേണ്ട ആവശ്യം വരുന്നില്ല. താഴ്ന്ന ശമ്പളം പറ്റുന്ന ജീവനക്കാർക്ക് വളരെ ക്ളേശിച്ചും വിഷമിച്ചും വണ്ടിയും വള്ളവുമെല്ലാം കയറി കൃത്യമായി ഓഫീസിലെത്താമെങ്കിൽ ഉയർന്ന ശമ്പളവും സ്വന്തമായി വാഹനവുമുള്ള ഉന്നതന്മാർക്കും അതാകാവുന്നതേയുള്ളൂ. ചെലവു ചുരുക്കാൻ സർക്കാരിന് ആത്മാർത്ഥമായ ആഗ്രഹമുണ്ടെങ്കിൽ ആദ്യം ചെയ്യേണ്ടത് സർക്കാർ വാഹനങ്ങളുടെ ഒരു കണക്കെടുപ്പാണ്. സർക്കാർ സർവീസിലെ ജാതി തിരിച്ചുള്ള പട്ടിക ഇല്ലാത്തതുപോലെ സർക്കാർ വാഹനങ്ങളുടെ കണക്കും ആരും എടുത്തതായി ചരിത്രമില്ല. ഖജനാവിൽനിന്ന് കോടികളാണ് വാഹനങ്ങൾക്കും അവ ഓടുന്നതിനുമായി ഓരോവർഷവും ഒഴുകിക്കൊണ്ടിരിക്കുന്നത്. പൊതുയാത്രാ സംവിധാനങ്ങൾ വിപുലമാക്കാൻ പണമില്ലെന്നു വിലപിക്കുന്ന സർക്കാർ വാഹന ധൂർത്ത് തടയാൻ ഒന്നും ചെയ്യുന്നില്ല. ഐ.എ.എസ് ഓഫീസർമാരുടെ കാര്യത്തിൽ മാത്രമല്ല, സർക്കാർ വാഹനങ്ങളുടെ മൊത്തത്തിലുള്ള ദുരുപയോഗവും തടയാൻ നടപടി ഉണ്ടാകണം.

പ്രതീക്ഷ ഉണർത്തുന്ന പലിശരഹിത ബാങ്കിംഗ്

ഡോ. എം. ശാർങ്ഗധരൻ

വസ്തുവും ഭൂമിയും ഉപയോഗിക്കുന്നതിന് പ്രതിഫലമായി വാടക, അദ്ധ്വാനത്തിന് പ്രതിഫലമായി വേതനം, ധനനിക്ഷേപത്തിന് പ്രതിഫലമായി പലിശ എന്നിങ്ങനെയുള്ള സാമൂഹിക ക്രമമാണ് ഇന്ത്യയിലും ഇതര രാജ്യങ്ങളിലും നിലവിലുള്ളത്. പലിശ നൽകി നിക്ഷേപം സ്വീകരിക്കുകയും ആവശ്യക്കാരന് പലിശ ഈടാക്കി വായ്പ കൊടുക്കുകയും ചെയ്യുന്ന ബാങ്കുകൾ നാടെങ്ങും സ്ഥാപിക്കപ്പെട്ടത് ഈ സാമൂഹിക കർത്തവ്യത്തെ മുൻനിറുത്തിയാണ്. ഇന്ത്യയിൽ സർക്കാർ ഇടപെടലുകൾ ഇക്കാര്യത്തിൽ നിലവിൽ വന്നതോടെ കേന്ദ്ര സർക്കാർ ബാങ്കായ റിസർവ് ബാങ്കിന്റെ ശക്തമായ നിയന്ത്രണങ്ങളാലും മറ്റ് നിയമനിർമ്മാണങ്ങളാലും ബാങ്കിംഗ് സ്ഥാപനങ്ങളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമവും ബഹുജനോപകാരപ്രദവുമാക്കാനായി.

ഇന്ത്യയിൽ 1950 കളിലും 60 കളിലും 90 കളിലും നടപ്പിലാക്കിയ നിയന്ത്രണങ്ങളും ഉദാരവത്കരണ നയങ്ങളും ബാങ്കിംഗ് ഒരു വൻ വ്യവസായമേഖലയാക്കി മാറ്റി. പൊതുമേഖലയിലും സ്വകാര്യ മേഖലയിലും സഹകരണ മേഖലയിലും വിദേശ മേഖലയിലുമായി സ്ഥാപിതമായ ബാങ്കുകൾ പുത്തൻ തലമുറ ബാങ്കുകളുടെ നേതൃത്വവുമായി രാജ്യത്ത് വൻ സ്വാധീനമുണ്ടാക്കുകയും ചെയ്തു. ബിസിനസ്സ് കാഴ്ചപ്പാടോടെ പരമ്പരാഗത ശൈലിവിട്ട് വിവര സാങ്കേതികവിദ്യയുടെ പിൻബലത്തിൽ മുന്നേറിയ ഇന്ത്യൻ ബാങ്കുകൾ ലോകനിലവാരമുള്ള സേവനം കാഴ്ചവയ്ക്കാനും തുടങ്ങി.

ബാങ്കിംഗ് മേഖലയിലെ ഇന്ത്യൻ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ശക്തമായ മുന്നേറ്റത്തിനിടയിലാണ് ഇസ്ലാമിക് ബാങ്കിംഗ് എന്ന പലിശരഹിത ബാങ്കിംഗ് ഇന്ത്യയിൽ വ്യാപകമായ ചർച്ചയ്ക്ക് വിധേയമായിരിക്കുന്നത്. ഇപ്പോൾ നിലവിലിരിക്കുന്ന ബാങ്കിംഗ് റഗുലേഷൻസ് നിയമം, റിസർവ് ബാങ്ക് ഒഫ് ഇന്ത്യ നിയമം, നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് നിയമം എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് പലിശരഹിത ബാങ്കിംഗ് സ്ഥാപനങ്ങൾക്ക് ബാങ്കിംഗ് ബിസിനസ്സിൽ ഏർപ്പെടാനാവില്ല. അതുകൊണ്ടുതന്നെ 'നോൺബാങ്കിംഗ്' ധനകാര്യ സ്ഥാപനങ്ങളായി പ്രവർത്തിക്കാനേ ഇവയ്ക്കാവൂ. പലിശയും പലിശനിരക്കും അനുസരിച്ച് സമ്പദ്‌വ്യവസ്ഥയിലെ പ്രവർത്തനങ്ങൾ ആകമാനം ചിട്ടപ്പെടുത്തിയിരിക്കുന്നുവെന്നതാണ് ഇതിനുകാരണം.

എന്നാൽ, ഒരു വൻ സാമൂഹിക വിപത്തായി മാറിയിട്ടുള്ള പലിശ എന്ന ആശയത്തെ പാടേ ഒഴിവാക്കുന്ന ഇസ്ലാമിക് ബാങ്കിംഗ് അവഗണിക്കപ്പെടേണ്ട ഒന്നല്ല. പലിശയിൽ അധിഷ്ഠിതമായി നിക്ഷേപവും വായ്പയും കൈകാര്യം ചെയ്തിരുന്ന ബാങ്കിംഗ് വ്യവസായത്തെക്കുറിച്ചുള്ള വീക്ഷണത്തിൽ പാടേ മാറ്റം വന്നിട്ടുണ്ട് എന്നതുമായി ഇത് കൂട്ടിവായിക്കുക. ഒരു സമ്പദ്‌വ്യവസ്ഥയിൽ നിശ്ചലമായി പോകുമായിരുന്ന സമ്പാദ്യം സമാഹരിക്കാനും പ്രത്യുത്പാദനപരമായ പ്രവർത്തന രംഗങ്ങളിലേക്ക് ഒഴുക്കിവിടാനും കഴിയുന്ന സംഘടിത സംരംഭങ്ങളായാണ് ബാങ്കുകളെ വീക്ഷിക്കപ്പെടുന്നത്. ഈ സാഹചര്യത്തിൽ നിക്ഷേപം സമാഹരിക്കുകയും അവ പ്രത്യുത്പാദനപരമായ രംഗങ്ങളിൽ ഫലപ്രദമായി വിനിയോഗിക്കുകയും ഇതുവഴി നേടുന്ന ലാഭം നിക്ഷേപകർക്ക് പങ്കുവയ്ക്കുകയുമാണ് ഇസ്ലാമിക് ബാങ്കിംഗിന്റെ അടിസ്ഥാന തത്വം. നഷ്ടമാണ് പ്രവർത്തനഫലമെങ്കിൽ അത് നിക്ഷേപത്തുകയുടെ അടിസ്ഥാനത്തിൽ വീതം വയ്ക്കുകയും ചെയ്യും.

> **ഒ**രു വൻ സാമൂഹിക വിപത്തായി മാറിയിട്ടുള്ള പലിശ എന്ന ആശയത്തെ പാടേ ഒഴിവാക്കുന്ന ഇസ്ലാമിക് ബാങ്കിംഗ് അവഗണിക്കപ്പെടേണ്ട ഒന്നല്ല

താത്വികമായി, സമ്പദ്ഘടനയുടെ വികാസത്തിനും സാമ്പത്തിക പ്രവർത്തനങ്ങളുടെ വളർച്ച നേടാനും കൂട്ടായ കർമ്മപരിപാടികൾ ആവിഷ്കരിക്കാനും കഴിയുന്ന ഇസ്ലാമിക് ബാങ്കിംഗ് ഏറെ ആദരണീയംതന്നെ. മാത്രമല്ല, ക്രമനിബദ്ധമായ ഒരു ജീവിത പദ്ധതിയായി ഇസ്ലാം ആഗോളവ്യാപകമായി അംഗീകരിച്ചിട്ടുള്ള ശരി അത്ത് വ്യവസ്ഥ പ്രകാരമാണ് പലിശരഹിത ബാങ്കിംഗിന് രൂപകല്പന നൽകിയിട്ടുള്ളതും. 1975-ൽ സ്ഥാപിതമായ ഇസ്ലാമിക് ഡെവലപ്മെന്റ് ബാങ്കും, ദുബായ് ഇസ്ലാമിക് ബാങ്കും വിജയകരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം മാർഗ്ഗദർശകമാക്കി മുസ്ലിം രാഷ്ട്രങ്ങൾക്ക് പുറമേ, അമേരിക്കയിലും ഇംഗ്ലണ്ടിലും ഫ്രാൻസിലും ഇതര യൂറോപ്യൻ രാജ്യങ്ങളിലും ചൈനയിലും പലിശരഹിത ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്. ഇസ്ലാം മതത്തിന് പുറമേയുള്ളവർ ഏറിയ തോതിൽ പലിശരഹിത ബാങ്കുകളുമായി സഹകരിക്കുന്നുമുണ്ട്.

ഇപ്പറഞ്ഞ പലിശരഹിത ബാങ്കുകൾ വിദേശരാജ്യങ്ങളിൽ സ്വകാര്യ മേഖലയിലും സർക്കാർ ഉടമസ്ഥതയിലും സ്ഥാപിതമായിട്ടുണ്ട്. ബാങ്കിംഗിതര ധനകാര്യ സ്ഥാപനങ്ങൾക്ക് സമാന്തരമായി പ്രവർത്തിക്കുന്ന പലിശരഹിത ധനകാര്യ സ്ഥാപനങ്ങളും പല രാജ്യങ്ങളിലും ഉണ്ട്. കറന്റ് അക്കൗണ്ട്, സേവിംഗ്സ് അക്കൗണ്ട്, ഇൻവെസ്റ്റ്മെന്റ് അക്കൗണ്ട് എന്നിങ്ങനെ മൂന്നുതരം അക്കൗണ്ടുകളാണ് പലിശരഹിത ബാങ്കുകളായി പ്രവർത്തിക്കുന്നിടങ്ങളിൽ ഉള്ളത്. കറന്റ് അക്കൗണ്ട് പരമ്പരാഗത ബാങ്കിംഗിൽ നിന്നും വ്യത്യസ്തമല്ല. മാത്രമല്ല, നിക്ഷേപം തിരിച്ച് നൽകുമെന്ന ഉറപ്പും ഉണ്ട്. എന്നാൽ, മറ്റ് രണ്ട് അക്കൗണ്ടിലും ഈ ഉറപ്പില്ല. കൂടാതെ ലാഭം ഉണ്ടെങ്കിൽ മാത്രം വീതം വയ്ക്കും.

ഇന്ത്യയിലും ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളായി പലിശരഹിത ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്. സംയുക്ത സംരംഭങ്ങൾ നടത്തുന്നതിൽ നിക്ഷേപം, വ്യാപാരാവശ്യങ്ങൾക്ക് സാമ്പത്തിക പിന്തുണ, സർവീസ് ചാർജ്ജ് ചുമത്തി വായ്പ അനുവദിക്കൽ, വിവിധ സേവനങ്ങൾ നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് പല ഇനങ്ങളിലായി സമാഹരിച്ച പണം വിനിയോഗിക്കുന്നത്. 1997-ലെ നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനീസ് റിസർവ് ബാങ്ക് ഡയറക്ടീവ്സ് നിയമം അനുസരിച്ച് ഈ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നുമുണ്ട്.

എന്നാൽ, ബാങ്കുകളായി മറ്റ് രാജ്യങ്ങളിൽ ഉള്ളതുപോലെ, സ്ഥാപനങ്ങൾ ഉണ്ടാകണമെന്ന വാദം പല കോണുകളിൽ നിന്നും ശക്തമായി ഉയർന്നുവരുന്നുണ്ട്. വായ്പയായി ധനസഹായം അനുവദിക്കുന്നതിന് പലിശ ഒഴിവാക്കാൻ ഇപ്പോഴത്തെ നിയമ വ്യവസ്ഥകൾ അനുവദിക്കുന്നില്ല. എന്നാൽ, ഇമ്മാതിരിയുള്ള വ്യവസ്ഥകളിൽ അയവുവരുത്തി ഇസ്ലാമിക് ബാങ്കുകൾ സ്ഥാപിക്കാനാവുമോ എന്ന് റിസർവ് ബാങ്ക് പഠനം നടത്തിയിട്ടുണ്ട്. ഈ പഠന റിപ്പോർട്ടുകളിലെ കണ്ടെത്തലുകൾ ഔദ്യോഗികമായി പുറത്തുവിട്ടിട്ടില്ല. പകരം, വിവരാവകാശ നിയമം അനുസരിച്ച് റിപ്പോർട്ടിന്റെ പകർപ്പ് സമ്പാദിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പത്ര റിപ്പോർട്ടുകൾ പ്രസിദ്ധീകൃതമാകുകയും ചെയ്തിട്ടുണ്ട്. സമൂലമായ പരിഷ്കരണം ബാങ്കിംഗ് റഗുലേഷൻ ആക്ടിൽ, വിശിഷ്യാ വകുപ്പ് എട്ടിൽ, വരുത്താതെ ഇത് പ്രായോഗികമാകില്ല എന്ന നിർദ്ദേശമാണ് റിപ്പോർട്ടിൽ ഉള്ളത് എന്നു വ്യക്തമാകുന്നു.

ഇതിനിടയിൽ കേരള സർക്കാർ ഉടമയിലുള്ള കേരള സ്റ്റേറ്റ് ഇൻവെസ്റ്റ്മെന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ 11 ശതമാനം ഓഹരി നിക്ഷേപം നടത്തി ഒരു ബാങ്കിംഗിതര ധനകാര്യ കമ്പനി രൂപീകരിക്കാൻ തീരുമാനം എടുത്തിരുന്നു. ഇതിനെതിരെ ഹൈക്കോടതിയിൽ കേസ് വരികയും താത്കാലികമായി തുടർനടപടികൾ നിറുത്തിവച്ചിരിക്കുകയുമാണ്. ആദ്യപടിയായി, ബാങ്കിംഗിതര ധനകാര്യ സ്ഥാപനമായി പ്രവർത്തിക്കാനും, നിയമഭേദഗതികൾ വരുന്നമുറയ്ക്ക് ബാങ്കായി മാറ്റാനും കഴിയുമെന്ന വിശ്വാസം ഇതിന്റെ പ്രൊമോട്ടർമാർക്ക് ഉണ്ടായിരുന്നിരിക്കണം. സർക്കാർ ഓഹരി പങ്കാളിത്തത്തോടെയുള്ള ആദ്യ ഇന്ത്യൻ ഇസ്ലാമിക് ബാങ്കെന്ന ബഹുമതിയും ഈ സംരംഭത്തിനുണ്ട്. ധനശേഷിയുള്ള ഇസ്ലാംമത സമൂഹത്തിന് ഈ സംരംഭം വൻവിജയമാക്കാനാവുമെന്നതിൽ സംശയം വേണ്ട.

മതേതര ഇന്ത്യയിൽ, യൂറോപ്പിൽ പ്രായോഗികമായ തരത്തിൽ മറ്റ് മതവിഭാഗങ്ങളിൽ ഉള്ളവർക്കും ഈ സംരംഭത്തിൽ പങ്കാളികളാകാനുള്ള അവസരം വേണം. അതുകൊണ്ടുതന്നെ 'ഇസ്ലാമിക് ബാങ്കെ'ന്ന പേരിൽ നിർബന്ധം പിടിക്കാതെ പലിശരഹിത ബാങ്കെന്ന ആശയത്തെ പ്രായോഗിക തലത്തിൽ എത്തിക്കാനാണ് സംഘാടകർ ശ്രമിക്കേണ്ടത്. റിസർവ് ബാങ്ക് നിയോഗിച്ച രഘുറാം രാജൻ കമ്മിഷൻ റിപ്പോർട്ട് പലിശരഹിത ബാങ്കിംഗിന്റെ അനന്തസാധ്യതകളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുമ്പോഴും ഇസ്ലാമിക് ബാങ്കെന്ന പദപ്രയോഗം നടത്തിയിട്ടില്ല എന്ന പത്ര വാർത്തകൾ ഇവിടെ സ്മരണീയമാണ്.

കാർ കടത്തിയ കുട്ടി

അനുഭവം **സി. സുധാകരൻ**, ശ്രീകാര്യം

വർക്കല നിന്ന് എന്റെ അടുത്ത ബന്ധുവിന്റെ മകൻ 16 വയസ്സുള്ള സ്കൂൾ വിദ്യാർത്ഥി ശ്രീകാര്യത്തെ വീട്ടിൽ വന്നു. ആഹാരം കഴിഞ്ഞ് മടങ്ങുന്നതിനിടയിൽ തന്ത്രപൂർവം വീട്ടിനകത്തുനിന്ന് കാറിന്റെ താക്കോൽ പതിനാറുകാരൻ കൈവശപ്പെടുത്തി, പോർച്ചിൽ കിടന്ന കാർ എടുത്തുകൊണ്ടു കടന്നുകളഞ്ഞത് ഞങ്ങളെ പരിഭ്രാന്തരാക്കിയിരുന്നു. ഈ വാർത്ത വളരെ പ്രാധാന്യത്തോടെയാണ് കഴിഞ്ഞ തിങ്കളാഴ്ചത്തെ കേരളകൗമുദിയിൽ പ്രസിദ്ധീകരിച്ചത്. തൊട്ടടുത്ത ദിവസംതന്നെ കാറും വിദ്യാർത്ഥിയും ഗുരുവായൂരിൽവച്ച് പൊലീസ് പിടിയിലായി.

സ്കൂൾ വിദ്യാർത്ഥികളെ പ്രലോഭിപ്പിച്ച് ഇത്തരം കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന സാമൂഹ്യവിരുദ്ധരും ചില സംഘടനകളും ഇന്ന് സർവസാധാരണമാണ്. ഇക്കാര്യത്തിൽ ജാഗ്രത പുലർത്താൻ കേരളകൗമുദിയിലെ വാർത്ത വളരെ പ്രയോജനമായി. അരനൂറ്റാണ്ടിലധികമായി ഞാൻ 'കേരളകൗമുദി' വായനക്കാരനാണ്. കേരളകൗമുദിയോടുള്ള നന്ദി രേഖപ്പെടുത്തട്ടെ.

കത്തുകൾ

സ്കൂളുകൾ പൂട്ടേണ്ടി വരുന്നതിനു പിന്നിൽ

കേരളകൗമുദി (ഫെബ്രുവരി 2) എഡിറ്റോറിയലിനോട് പൂർണമായി യോജിക്കാൻ കഴിയില്ല. കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഒന്നാം ക്ളാസിൽ ചേരുന്ന കുട്ടികളുടെ എണ്ണത്തിൽ വർഷങ്ങളായി ചോർച്ച സംഭവിച്ചുകൊണ്ടിരിക്കുന്നത് വസ്തുതയാണ്. ഇത് ഇങ്ങനെ തന്നെ തുടരുകയും ചെയ്യും. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലും പെട്ട ധാരാളം രക്ഷാകർത്താക്കൾ അടുത്തുള്ള അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളിലേക്കാണ് കുട്ടികളെ അയയ്ക്കുന്നത്.

ഒരു വലിയ രക്ഷാകർത്തൃസമൂഹം ഇങ്ങനെ മാറി ചിന്തിച്ചതിനുപിന്നിൽ എല്ലാ പൊതുവിദ്യാലയങ്ങളുടെയും ശോചനീയാവസ്ഥയും അദ്ധ്യാപകരുടെ കഴിവുകുറവും ആണെന്നുപറയാൻ കഴിയുമോ? ഭൂരിപക്ഷം പൊതുവിദ്യാലയങ്ങളിലും മെച്ചപ്പെട്ട സൗകര്യങ്ങൾ ഇപ്പോൾ ലഭ്യമാണ്. കുട്ടികളുടെ എണ്ണത്തിൽ വളരെ താഴെപ്പോയ 3661 സ്കൂളുകളാണുള്ളതെങ്കിലും മറ്റു ധാരാളം സ്കൂളുകളിലെയും കുട്ടികളുടെ എണ്ണം താഴോട്ടാണ്. അദ്ധ്യാപകരുടെ പ്രവൃത്തിദോഷം കൊണ്ടുമാത്രമാണോ ഇങ്ങനെ സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് പരിശോധിക്കണം.

വളരെയേറെ ചർച്ചചെയ്യപ്പെടേണ്ട ഒരു വിഷയമാണ് കേരളകൗമുദി അവതരിപ്പിച്ചിരിക്കുന്നത്. സ്കൂൾ വിദ്യാഭ്യാസ മേഖലയിലെ ഗുരുതരമായ ഈ പ്രവണതയെപ്പറ്റി അന്വേഷിക്കാൻ ഒരു സമിതിയെ നിയമിക്കാവുന്നതാണ്. അദ്ധ്യാപകരുടെ കഴിവുകുറവുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്നു കണ്ടെത്തിയാൽ സമൂഹനന്മയെ കണക്കാക്കി അത്തരക്കാരെ വീട്ടിലിരുത്തി കഴിവുറ്റവരെ കണ്ടെത്തി പൊതുവിദ്യാലയങ്ങൾ നിലനിറുത്തുകതന്നെ വേണം.

എസ്. ബലഭദ്രൻ
പ്രസിഡന്റ്, ഗവൺമെന്റ് പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ

ബാങ്കുകൾ സർവീസ് ചാർജ് കുറയ്ക്കണം

പല ബാങ്കുകളുടെയും ബാലൻസ് ഷീറ്റിൽ ലാഭം 95 ശതമാനം വരെ ഉയർന്നതായി കാണുന്നു. ഇതെങ്ങനെ സംഭവിക്കുന്നു? നിശ്ചയമായും സർവീസ് ചാർജ് കുത്തനെ കൂട്ടിയതാണെന്ന് സുവ്യക്തം. ഇടപാടുകാരെ ബുദ്ധിമുട്ടിച്ച് ലാഭം കൂട്ടുന്നത് ശരിയായ മാർഗമല്ല. 40 രൂപയുടെ പേ ഓർഡർ മാറാൻ ബാങ്കിനെ സമീപിച്ചപ്പോൾ 56 രൂപ സർവീസ് ചാർജ് നൽകണമത്രേ! ഈ ലേഖകൻ പേ ഓർഡർ മാറേണ്ടെന്ന് തീരുമാനിച്ചു. മിതമായ നിരക്ക് വസൂലാക്കി സേവനം നടത്തുകയാണ് ബാങ്കുകൾ ചെയ്യേണ്ടത്.

സി.എം. രാജൻ, പാനൂർ

നമുക്കു ചുറ്റും

കുട്ടിക്കുടിയന്മാരുടെ നാട്

യോഹന്നാൻ ആന്റണി
സംസ്ഥാന സെക്രട്ടറി, കെ.സി.ബി.സി മദ്യവിരുദ്ധ സമിതി

കേരളത്തിൽ മദ്യപിക്കുന്നവരുടെ ശരാശരി പ്രായം 12-13 വയസായി കുറഞ്ഞിരിക്കുന്നു. ചെറുപ്രായത്തിൽത്തന്നെ മദ്യപാനം ആരംഭിക്കുകവഴി സംസ്ഥാനം കുട്ടിക്കുടിയന്മാരുടെ നാടായി മാറിക്കൊണ്ടിരിക്കുന്നു. ശാസ്ത്രീയ പഠനങ്ങൾ പ്രകാരം 21-40 നു മദ്ധ്യേ പ്രായക്കാരിലാണ് കൂടുതൽ മദ്യപാനശീലമുള്ളത്. ഇവരാണ് ഏറ്റവും കൂടുതൽ ആത്മഹത്യ ചെയ്യുന്നവരും. ആത്മഹത്യയുടെ പെരുമഴക്കാലം സൃഷ്ടിക്കുന്നതിൽ മദ്യമെന്ന വില്ലന്റെ പങ്ക് വ്യക്തമാക്കുന്നതാണ് ഈ പഠനം.

വർദ്ധിച്ചുവരുന്ന മദ്യപാനശീലം മലയാളിയുടെ ശാരീരിക, മാനസിക ആരോഗ്യത്തെ തകർക്കുകയും കേരളസമൂഹം രോഗാതുരമായി മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. വരും നാളുകളിൽ ആരോഗ്യരംഗത്ത് വൻ പ്രശ്നങ്ങൾ സൃഷ്ടിക്കാൻ ഇതു കാരണമാകും.

മദ്യമില്ലാതെ മലയാളിക്ക് എന്ത് ആഘോഷം എന്ന അവസ്ഥയായിരിക്കുന്നു. മദ്യകേന്ദ്രീകൃതമായ ആഘോഷങ്ങളുടെ അടിപൊളി സംസ്കാരം ഇവിടെ രൂപപ്പെട്ടിരിക്കുന്നു. തൊഴിലാളി കുടുംബങ്ങളുടെ ദാരിദ്ര്യത്തിനും സാമൂഹിക പിന്നാക്കാവസ്ഥയ്ക്കും പ്രധാന കാരണം മദ്യപാനവും അനുബന്ധപ്രശ്നങ്ങളുമാണ്. ഇത് തിരിച്ചറിയാനും മദ്യത്തെ മാനസികമായി പ്രതിരോധിക്കാനും തൊഴിലാളി സമൂഹം തയ്യാറാകണം.

പാവപ്പെട്ടവരുടെ മന്ത്രി

പാവപ്പെട്ടവർക്ക് യാതൊരു ഈടുമില്ലാതെ 15000 രൂപ വരെ വായ്പ നൽകുന്നതിനുള്ള (സഹകരണ ബാങ്ക് മുഖാന്തരം) മന്ത്രി ജി. സുധാകരന്റെ തീരുമാനത്തെ മഹത്തരങ്ങളിൽ മഹത്തരം എന്നാണ് മുഖപ്രസംഗത്തിലൂടെ കേരളകൗമുദി വിശേഷിപ്പിച്ചിരിക്കുന്നത്. ആ മുഖപ്രസംഗത്തിന് 'പാവപ്പെട്ടവരുടെ മന്ത്രി' എന്ന് പേരുകൊടുത്ത് അഭിനന്ദിക്കുകയും ചെയ്തിരിക്കുന്നു!

കേരളകൗമുദിയുടെ അഭിനന്ദനത്തോട് പങ്കുചേർന്നുകൊണ്ട് ഞാൻ മറ്റൊരു അഭിനന്ദനംകൂടി സമർപ്പിക്കുകയാണ്. മറ്റൊന്നുമല്ല, പി.എസ്.സി മുഖാന്തരം ദേവസ്വംബോർഡിലെ നിയമനം നടത്താൻ നിയമനിർമ്മാണം നടത്തിയതിന്.

ഈ ചങ്കുറ്റം കാണിക്കാൻ മറ്റാരെങ്കിലും ധൈര്യം കാട്ടിയിരുന്നോ?

പി.പി. സുമനൻ, ആലപ്പുഴ

മികച്ച മുഖപ്രസംഗം

'**പാ**വപ്പെട്ടവരുടെ മന്ത്രി' എന്ന എഡിറ്റോറിയൽ വായിച്ചു. മന്ത്രി ജി. സുധാകരന്റെ ധീരമായ പ്രഖ്യാപനത്തിനും അതിനെ അഭിനന്ദിച്ച് മുഖപ്രസംഗം എഴുതിയ കേരളകൗമുദിക്കും അഭിനന്ദനങ്ങൾ. കേരളത്തിലെ സാധാരണ മനുഷ്യരുടെ ജീവിതത്തുടിപ്പുകൾ ഏറ്റെടുത്തു എന്നവകാശപ്പെടുന്ന പത്രങ്ങൾ പലതും ഈ വാർത്ത അറിഞ്ഞതേയില്ല. മേല്പറഞ്ഞ പദ്ധതി നടപ്പാക്കുമ്പോൾ അർഹരായവർക്ക് ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാനുള്ള ആർജ്ജവം മന്ത്രിയും വകുപ്പും കാട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

അഡ്വ. കെ.പി. ചന്ദ്രശേഖർ, എഴുപുന്ന തെക്ക്, ചേർത്തല.